I/5784028/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ആർ.സി1/384/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 30-06-2023

**<u>സർക്കുലർ</u>**

വിഷയം:- തസ്വഭവ - സർക്കാരിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ ഫയൽ ചെയ്യുന്ന കോടതി കേസുകൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് ആക്ട്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നൽകേണ്ട വിവിധ പെർമിറ്റുകൾ ലൈസൻസുകൾ/ നിരാക്ഷേപപത്രങ്ങൾ എന്നിവ നൽകേണ്ടുന്ന വിഷയത്തിൽ വിവിധ കാരണങ്ങളാൽ കാലവിളംബം/ തടസ്സം നേരിടുന്നു എന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ സംരഭങ്ങളുമായി ബന്ധപ്പെട്ട ഇത്തരം തടസ്സങ്ങൾ/പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് ചീഫ് സെക്രട്ടറി തലവനായ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിൽ പ്രസ്തുത വിഷയം ഉന്നതതലത്തിൽ ചർച്ച ചെയ്യുകയും, സാധ്യമായ വഴികളിൽ കൂടി പ്രശ്നം പരിഹരിച്ച് അനുമതി ലഭ്യമാക്കുകയും ചെയ്യുന്നു. എന്നാൽ സിംഗിൾ വിൻഡോ ക്ലീയറൻസ് ബോർഡ് മുഖാന്തിരമുള്ള തീരുമാനങ്ങൾക്കെതിരായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടി അനുചിതമാണെന്നും ആയത് പരിശോധിക്കേണ്ടതാണെന്നും തീരുമാനിക്കുകയും, ആയതിൻപ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപന ഉദ്യോഗസ്ഥർ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് തീരുമാനങ്ങൾക്കെതിരായി കേസുകൾ ഫയൽ ചെയ്യാൻ പാടില്ലാത്തതാണെന്നും, ഈ നിർദ്ദേശത്തിനു വിരുദ്ധമായി ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രെട്ടറിമാർ സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുകയാണെങ്കിൽ, അത്തരത്തിൽ പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ് എന്നുമുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരം

**ഡോ. ഷർമിള മേരി ജോസഫ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ആർ.സി1/384/2022-തസ്വഭവ)

LSG GUIDE